പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക ജോലി ഒഴിവാക്കിയ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1302

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക ജോലി ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2013 ൽ കേന്ദ്ര സർക്കാർ ഇറക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക ജോലി ഒഴിവാക്കിയിട്ടില്ല. |
| (ബി) | ഏതെല്ലാം കാർഷിക ജോലികൾ ഒഴിവാക്കാനാണ് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സാധാരണ കൃഷി പ്രവർത്തികളായ ഉഴവ്, മണ്ണ് ഒരുക്കൽ, നടീൽ, കളയെടുപ്പ്, നനയ്ക്കൽ, കൊയ്ത്ത്, പ്രൂണിംഗ് പോലുള്ള മറ്റു പ്രവൃത്തികൾ എന്നിവയും ഭക്ഷ്യധാന്യ വിളകൾ, പച്ചക്കറികൃഷി, പുഷ്പകൃഷി തുടങ്ങിയ കാർഷിക പ്രവൃത്തികളും പദ്ധതിയിൽ അനുവദനീയമല്ല. ഭക്ഷ്യധാന്യവിളകളുടെ കൃഷി, പച്ചക്കറികൃഷി, പുഷ്പകൃഷി എന്നിവയ്ക്ക് ആവശ്യമായ നടീൽ വസ്തുക്കൾ വാങ്ങുന്നതിനോ വളം, കീടനാശിനി പ്രയോഗം എന്നിവയും പദ്ധതിയിൽ അനുവദനീയമല്ല. |
| (സി) | ഇവ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | നെൽകൃഷിയും അനുബന്ധ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ